ഉത്തരം

(എ&ബി) കണ്ണംകുളം നിയോജക മണ്ഡലത്തിലെ പാറാത്തക്കുളം നവീകരിക്കുന്നതിനായി ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 33.75 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(സി&ഡി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിലായി 542 കുളങ്ങൾ നവീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സമർപ്പിച്ചിട്ടുള്ള 228.45 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

ജലവിഭവ വകുപ്പ് നടപ്പിലാക്കിയ വികസന പദ്ധതികൾ

138(838) ശ്രീ. എം. വി. ശ്രേയാംസ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജലവിഭവ വകുപ്പ് മുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിന് വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജലസേചന വകുപ്പ്, കേരള ജല അതോറിറ്റി എന്നീ വകുപ്പുകൾ മുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. മറ്റ് ഉപവകുപ്പുകൾ മുഖേന നടപ്പിലാക്കിയ പദ്ധതികൾ താഴെ ചേർക്കുന്നു:

ഭൂജല വകുപ്പ്

വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി 9 കൈപ്പമ്പ് റിപ്പയറുകൾ, 6 കഴൽകിണർ നിർമ്മാണം, 1 കൈപ്പമ്പ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്.

---

* ഫെബ്രുവരിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി വിഭാഗം 1 :

കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന പദ്ധതിയായ കാരാപ്പുഴ ജലസേചന പദ്ധതിയിൽ കനാൽ നിർമ്മാണ പ്രവൃത്തികളോടൊപ്പം കുടിവെള്ളം, ടൂറിസം, മത്സ്യകൃഷി എന്നീ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്.

ജലനിധി :

കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പൊഴുതന, കോട്ടത്തറ, കണിയാമ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പദ്ധതികൾ, ഭൂജല പരിപോഷണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിശീലന പരിപാടികൾ, ഗ്രാമപഞ്ചായത്ത് ശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവ നടന്നുവരുന്നു.

(ബി) ജലസേചന വകുപ്പ്, കേരള ജല അതോറിറ്റി എന്നീ വകുപ്പുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഭൂജല വകുപ്പ് :

കൈപമ്പ് റിപ്പയറിനായി 62,995 രൂപയും കുഴൽകിണർ നിർമ്മാണത്തിനായി 2,87,615 രൂപയും കൈപമ്പ് സ്ഥാപിക്കുന്നതിനായി 7,785 രൂപയും ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി വിഭാഗം 1 :

കാരാപ്പുഴ ജലസേചന പദ്ധതിക്കുവേണ്ടി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു:

വർഷം	വകയിരുത്തിയത്	ചെലവഴിച്ചത്
	(രൂപ ലക്ഷത്തിൽ)	
2011-12	208.17	33.00
2012-13	208.17	161.00
2013-14	379.52	483.00
2014-15	379.52	465.00
2015-16	385.00	376.00

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജലനിധി :

നമ്പർ	പദ്ധതി	വകയിരുത്തിയത്	ചെലവഴിച്ചത്
		രൂപ ലക്ഷത്തിൽ	
1	കുടിവെള്ള പദ്ധതികൾ	1331.03	490.52
2	സാനിട്ടേഷൻ	28.27	1.61
3	ഭൂജല പരിരക്ഷണം	17.53	6.00
4	ബോധവൽക്കരണ പരിപാടികൾ	3.00	2.79
5	പരിശീലന പരിപാടികൾ	8.40	7.19
6	ഗ്രാമപഞ്ചായത്ത് ശാക്തീകരണം	16.12	11.56
	ആകെ	1404.35	519.67

(സി) ജലസേചന വകുപ്പ്, കേരള ജല അതോറിറ്റി എന്നീ വകുപ്പുകൾ സംബന്ധിച്ച വിവരങ്ങൾക്ക് അനുബന്ധം കാണുക.

പദ്ധതി വിഭാഗം I :

കനാൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 138 കോടി രൂപ വകയിരുത്തേണ്ടതുണ്ട്.

ജലനിധി :

തെരഞ്ഞെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 884.68 ലക്ഷം രൂപ സാങ്കേതികാനുമതി പ്രകാരം വകയിരുത്തിയിട്ടുണ്ട്.

ജലവിഭവ വകുപ്പിന്റെ പ്രവൃത്തികൾ

139(839) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പടയമംഗലം നിയോജക മണ്ഡലത്തിൽ 2011 മേയ് മാസം മുതൽ 2015 ഡിസംബർ വരെ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പരിപാടികളുടെ വിശദാംശം നൽകുമോ; ഇതിനായി എത്ര തുക ചെലവഴിച്ചു എന്ന് അറിയിക്കുമോ;

---

* ചൈക്കുറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly